പ്രീപ്രൈമറി ജീവനക്കാരുടെ സെക്രട്ടറിയറ്റ് ധർണ ഇന്ന്

തിരുവനന്തപുരം

വേതനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് പ്രീപ്രൈമറി ജീവനക്കാർ ചൊവ്വാഴ്ച സെക്രട്ടറിയറ്റ് ധർണ നടത്തും. കേരള പ്രീപ്രൈമറി ടീച്ചേഴ്സ് അസോസിയേഷൻ നേതൃത്വത്തിൽ നടക്കുന്ന ധർണ രാവിലെ 10ന് ജി സ്റ്റീഫൻ എംഎൽഎ ഉദ്ഘാടനം ചെയ്യും. ഓണറേറിയം കൃത്യമായി വിതരണം ചെയ്യുക, മിനിമം വേതനവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുക, 2012ന് ശേഷം ആരംഭിച്ച പ്രീ പ്രൈമറി ക്ലാസുകൾക്ക് അംഗീകാരം നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് ധർണ.

നാളെ റൺവേ അടച്ചിടും

തിരുവനന്തപുരം

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ആറാട്ട് ഘോഷയാത്രയുടെ ഭാഗമായി തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ റൺവേ ബുധനാഴ്ച വൈകിട്ട് നാലുമുതൽ രാത്രി ഒമ്പതുവരെ അടച്ചിടും.

തലച്ചോറിലെ ട്യൂമർ നീക്കംചെയ്തു

തിരുവനന്തപുരം

അമ്പത്തിനാലുകാരന്റെ തലച്ചോറിലെ അപകടകരമായ മുഴ ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്ത് കിംസ് ആശുപത്രി. ഒരാഴ്ചയിലേറെയായി നീണ്ടുനിന്ന കടുത്ത തലവേദനയെ തുടർന്നാണ് രോഗിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. തുടർന്ന് നടത്തിയ പരിശോധനയിലാണ് തലച്ചോറിലെ വെൻട്രിക്കിളുകൾക്കിടയിലായി രക്തക്കുഴലുകൾ നിറഞ്ഞ നിലയിൽ മുഴ കണ്ടെത്തിയത്. ഡോക്ടർമാരായ ആർ അജിത്, അബു മദൻ, എൻ എസ് നവാസ്, ബോബി ഐപ്പ്, ബി സുശാന്ത്, സന്തോഷ് ജോസഫ്, മനീഷ് കുമാർ യാദവ്, ശാലിനി വർമ എന്നിവർ ശസ്ത്രക്രിയക്ക് നേതൃത്വം നൽകി.

നിൻസി തളരില്ല, വിജയിച്ച് മുന്നോട്ട്

സ്വന്തം ലേഖിക

തിരുവനന്തപുരം

ജീവിതം വീൽച്ചെയറിലായെങ്കിലും മുന്നോട്ടുള്ള പാഠത്തിന് നിൻസിക്ക് അതൊരു വിലങ്ങുതടിയായിരുന്നില്ല. ഇന്ദിര ഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ 36–ാമത് ബിരുദദാന സമ്മേളനത്തിൽ മന്ത്രി ആർ ബിന്ദുവിൽനിന്ന് ബിരുദാനന്തരബിരുദ സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങിയാണ് നിൻസി അത് തെളിയിച്ചത്.

ഒമ്പതുവർഷം മുമ്പുണ്ടായ സ്പൈനൽ കോഡ് ഇൻജുറിയാണ് നിൻസിയെ വീൽചെയറിലെത്തിച്ചത്. പാരാമെഡിക്കൽ വിദ്യാർഥിനിയായിരുന്ന നിൻസിക്ക് അന്ന് കോഴ്സ് പൂർത്തിയാക്കാനായില്ല. എന്നാൽ ഇപ്പോൾ ഡിസ്റ്റിങ്ഷനോടെ കൗൺസലിങ് ആൻഡ് ഫാമിലി തെറാപ്പിയിൽ ബിരുദാനന്തര ബിരുദ സർട്ടിഫിക്കറ്റ് നേടി. കാരയ്ക്കാമണ്ഡപം സ്വദേശികളായ മോൻഡ്ലിയുടെയും ലെനയുടെയും മകളാണ് നിൻസി മറിയം മോൻഡ്ലി. തിരുവനന്തപുരം റീജണൽ സെന്ററിൽനിന്ന് ആറുപേർ ദേശീയ തലത്തിൽ സ്വർണമെഡൽ കരസ്ഥമാക്കി. എസ് അശ്വിൻ (ഗാന്ധി ആൻഡ് പീസ് സ്റ്റഡീസ്), സിനി സാബു (സാമ്പത്തിക ശാസ്ത്രം), രാകേഷ് കുമാർ ശർമ (ഹിന്ദി), ആതിര സതീഷ് (സോഷ്യൽ വർക്ക് –കൗൺസലിങ്)), സി പി ജോസ് (ബാച്ചിലർ ഓഫ് സോഷ്യൽ വർക്ക്), ലോവി മറിയം രാജൻ (മാസ്റ്റർ ഓഫ് ജേർണലിസം ആൻഡ് മാസ് കമ്യൂണിക്കേഷൻ) എന്നിവരാണ് ദേശീയ തലത്തിൽ ഉയർന്ന മാർക്ക് നേടി സ്വർണ മെഡൽ കരസ്ഥമാക്കിയത്. മൃഗസംരക്ഷണത്തിൽ ബിരുദാനന്തര ഡിപ്ലോമ നേടിയ കെ ഗായത്രി ഡൽഹിയിൽ രാഷ്ടപതിയിൽനിന്ന് അഹിംസ ട്രസ്റ്റ് ഗോൾഡ് മെഡൽ സ്വീകരിച്ചു. ഇഗ്നോ തിരുവനന്തപുരം മേഖലാ കേന്ദ്രം സീനിയർ റീജണൽ ഡയറക്ടർ ഡോ. ബി സുകുമാർ പങ്കെടുത്തു.

നിൻസി മന്ത്രി ആർ ബിന്ദുവിൽനിന്ന് ബിരുദാനന്തരബിരുദ സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങുന്നു

കൈനിറയെ വിളവുമായി റിട്ട. എസ്ഐ

സഞ്ജയ് സുരേഷ്

വഞ്ചിയൂർ

സബ് ഇൻസ്പെക്ടറായി വിരമിച്ച ശേഷം കൃഷിയിലേക്ക് ശ്രദ്ധതിരിക്കാനുള്ള തീരുമാനം വിജയിച്ചതിന്റെ സന്തോഷത്തിലാണ് ഉള്ളൂർ ബാപ്പൂജി നഗർ സ്വദേശി ജി പ്രസന്നൻ. നട്ടതെല്ലാം പൊന്നായതോടെ പുരസ്കാരങ്ങളും തേടിയെത്തി. 2019ൽ മികച്ച മട്ടുപ്പാവ് കർഷകനുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങളാണ് അദ്ദേഹം നേടിയത്.

ജി പ്രസന്നൻ മട്ടുപ്പാവിലെ നെൽക്കൃഷിക്കൊപ്പം

കൃഷിയിൽ ആദ്യപരീക്ഷണം മട്ടുപ്പാവിലായിരുന്നു. വിജയംകണ്ടതോടെ വീട് സ്ഥിതിചെയ്യുന്ന 16 സെന്റിലേക്ക് വ്യാപിപ്പിച്ചു. 150 കിലോയുള്ള കാച്ചിലും 125 കിലോയുള്ള മുൾക്കിഴങ്ങും വിളയായി ലഭിച്ചതോടെ കേന്ദ്ര കിഴങ്ങുഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞരെത്തി ആദരിച്ചു. മട്ടുപ്പാവിലെ നെൽക്കൃഷിയും വിജയകരമാക്കി. 2010ൽ വിജിലൻസ് എസ്ഐ ആയിരിക്കെ സർവീസിൽനിന്ന് വിരമിച്ചശേഷം ഉള്ളൂർ 'ആത്മ'യിൽനിന്ന് (അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി) കൃഷിയിൽ പരിശീലനം നേടി. കേരള കർഷക സംഘത്തിന്റെ സജീവ പ്രവർത്തകൻ കൂടിയാണിദ്ദേഹം.

തണുപ്പുതേടി പാമ്പുകൾ വലയിലാക്കി വനംവകുപ്പ്

സ്വന്തം ലേഖകർ

കാട്ടാക്കട/വിതുര

വേനൽ കടുത്തതോടെ പുറത്തിറങ്ങിയ പാമ്പുകളെ വലയിലാക്കി വനംവകുപ്പ്. തിങ്കൾ രാവിലെ വെള്ളനാടുനിന്ന് രണ്ട് മൂർഖൻ പാമ്പുകളെയാണ് പിടികൂടി കാട്ടിൽവിട്ടത്. കഴിഞ്ഞദിവസങ്ങളിൽ ആര്യനാട്, കോട്ടയ്ക്കകം, ഉഴമലയ്ക്കൽ, നെടുമങ്ങാട്, പാലോട് എന്നിവങ്ങളിൽനിന്നും പെരുമ്പാമ്പിനെയും മൂർഖനെയും രാജവെമ്പാലയെയും വനംവകുപ്പ് ജീവനക്കാർ പിടികൂടിയിരുന്നു.

പാലോട് റെയിഞ്ചിന് കീഴിൽ മാടൻ കരിക്കകം നാല് സെന്റ് കോളനിയിൽ രതീഷിന്റെ പുരയിടത്തിൽനിന്നാണ് പാലോട് ആർആർടി അംഗങ്ങൾ രാജവെമ്പാലയെ പിടികൂടിയത്. വെള്ളനാട്, പുനലാൽ, വെഞ്ഞാറക്കുഴി ശശിയുടെ വീടിനുള്ളിലെത്തിയ മൂർഖനെയും പുനലാൽ, ചരുവിള വീട്ടിൽ, ജോയിയുടെ വീട്ടുവളപ്പിലെ കിണറ്റിൽ അകപ്പെട്ട മൂർഖനെയും പിടികൂടി. പരുത്തിപ്പള്ളി, റേഞ്ച് ഓഫിസിലെ ബീറ്റ് ഫോറസ്റ്റ് ഓഫിസറും വനംവകുപ്പിന്റെ ആർആർടി അംഗവും സ്നേക്ക് ക്യാച്ചറുമായ റോഷ്നിയാണ് രണ്ട് പാമ്പുകളെയും വലയിലാക്കിയത്.

രണ്ടാഴ്ചയ്ക്കിടെ പെരുമ്പാമ്പ് ഉൾപ്പെടെ ഏഴ് പാമ്പുകളെ റോഷ്നി പിടികൂടി. ഇതുവരെ മുന്നൂറോളം പാമ്പുകൾ, ഇരുതലമൂരി, മുള്ളൻ പന്നി ഉൾപ്പെടെ ഷെഡ്യൂൾ പട്ടികയിൽ ഉൾപ്പെട്ട ജീവികളെയും റോഷ്നി പിടികൂടിയിട്ടുണ്ട്.

വേനൽമഴ ലഭിച്ചതോടെ മണ്ണിന്റെ ചൂട് കൂടി പാമ്പുകൾക്ക് മാളങ്ങളിൽ കഴിയാൻ ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ടെന്നും അവ തണുത്ത പ്രതലങ്ങൾ തേടിയെത്തുന്നത് പതിവാണെന്നും റോഷ്നി പറഞ്ഞു. പാമ്പ് ഉൾപ്പെടെയുള്ള ഇഴജന്തുക്കളുടെ കടിയേൽക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് വനംവകുപ്പ് മുന്നറിയിപ്പ് നൽകി.

വെള്ളനാട്, പുനലാലിൽനിന്ന് മൂർഖൻ പാമ്പുകളെ പിടികൂടുന്ന ബീറ്റ് ഫോറസ്റ്റ് ഓഫിസർ റോഷ്നി

നൂതന ആശയങ്ങളുമായി കുഞ്ഞുടെക്കികൾ

തിരുവനന്തപുരം

ടെക്നോപാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന കെന്നഡീസ് ഐക്യു കുട്ടികൾക്കായി ഒരുക്കിയ 'ഫ്യൂച്ചർ ഇന്നോവേറ്റഴ്സിൽ' നൂതന ആശയങ്ങൾ അവതരിപ്പിച്ച് ഇടിഞ്ഞാർ സർക്കാർ ടൈബൽ ഹൈസ്കൂളിലെ മിടുക്കന്മാരും മിടുക്കികളും. ആറ് പുത്തൻ ആശയങ്ങളാണ് വിദ്യാർഥികൾ അവതരിപ്പിച്ചത്.

കെന്നഡീസ് ഐക്യു ഗ്ലോബൽ മാനേജിങ് ഡയറക്ടർ സൂസന്നെ ലിവർസിഡ്ജ്, സിഇഒ ടോണി ജോസഫ്, ഷഫീൽഡ് യുണൈറ്റഡ് എഫ്സി വൈസ് പ്രസിഡന്റ് ബെവർലി വെബ്സ്റ്റർ, ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ, ജിടെക് സെക്രട്ടറി വി ശ്രീകുമാർ, ഡി ക്യൂബ് എഐ സിഒഒ മനു മാധവൻ എന്നിവർ സംസാരിച്ചു. വിദ്യാർഥികളായ അലീന മരിയ, ബുഷ്റ ബഷീർ, അസിയത് അസ്ന, ആർ ബ്ലെസ്സൺ, എൻ വി അശ്വജിത്, എ ആദിത്യൻ എന്നിവരുടെ ആശയങ്ങളാണ് പുരസ്കാരങ്ങൾക്ക് അർഹമായത്.

ഈ വർഷമാദ്യം കെന്നഡീസ് ഐക്യുവും ഡി ക്യൂബ് എഐയും ചേർന്ന് ഇടിഞ്ഞാർ ഗവ. ടൈബൽ ഹൈസ്കൂളിലെ രണ്ട് ക്ലാസ് റൂമുകൾ ഇന്റലിജന്റ് ഇന്ററാക്ടീവ് ക്ലാസ്റൂമാക്കിയിരുന്നു.

■ വേനൽത്തുമ്പി ക്യാമ്പ്

സ്വാഗതസംഘം രൂപീകരിച്ചു

വേനൽത്തുമ്പി ജില്ലാ പരിശീലന ക്യാമ്പ് സ്വാഗതസംഘം രൂപീകരണം സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി ഉദ്ഘാടനം ചെയ്യുന്നു

വിളപ്പിൽ

വേനൽത്തുമ്പി ജില്ലാ പരിശീലന ക്യാമ്പ് 12 മുതൽ 18 വരെ ഇ എം എസ് അക്കാദമിയിൽ നടക്കും. സ്വാഗതസംഘം രൂപീകരണം സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി ഉദ്ഘാടനം ചെയ്തു. ബാലസംഘം ജില്ലാ പ്രസിഡന്റ് ഭാഗ്യ മുരളി അധ്യക്ഷയായി. സിപിഐ എം ജില്ലാ സെക്രട്ടറിയറ്റംഗങ്ങളായ പുത്തൻകട വിജയൻ, എസ് പുഷ്പലത, വിളപ്പിൽ ഏരിയ സെക്രട്ടറി ആർ പി ശിവജി, സംസ്ഥാന ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി ജി എൽ അരുൺ ഗോപി, ബാലസംഘം ജില്ലാ സെക്രട്ടറി ഡി എസ് സന്ദീപ്, കോ–ഓർഡിനേറ്റർ അശ്വതി ചന്ദ്രൻ, കൺവീനർ ജയപാൽ, സംസ്ഥാന ജോയിന്റ് കൺവീനർ മിര ദർശക്, എക്സിക്യൂട്ടീവ് അംഗം പി കൃഷ്ണൻ, ജോയിന്റ് കൺവീനർ ടി ഗോപകുമാർ, ജോയിന്റ് സെക്രട്ടറിമാരായ ആർഷ എ മാർട്ടിൻ, മിഥുൻ എന്നിവർ സംസാരിച്ചു. സംഘാടക സമിതി ചെയർമാനായി ഐ ബി സതീഷിനെയും ജനറൽ കൺവീനറായി ആർ പി ശിവജിയെയും തെരഞ്ഞെടുത്തു.

പൂജപ്പുര സാംബൻ അന്തരിച്ചു

കൊല്ലം

മുടവൻമുകൾ സമരത്തിൽ എ കെ ജിയോടൊപ്പം അറസ്റ്റിലായി ജയിലിൽ അടയ്ക്കപ്പെട്ട അയത്തിൽ പാൽക്കുളങ്ങര പൂജപ്പുരയിൽ ആർ സാംബശിവൻ (പൂജപ്പുര സാംബൻ, 78) അന്തരിച്ചു. 29 ദിവസം പൂജപ്പുരസെൻട്രൽ ജയിലിൽ എ കെ ജിക്കൊപ്പം കഴിഞ്ഞ സാംബൻ എ കെ ജിയുടെ പാർലമെന്റിലെ പ്രസംഗം അച്ചടിച്ച് വിതരണം ചെയ്യുതിന് അടിയന്തരാവസ്ഥക്കാലത്ത് ജയിൽവാസവും അനുഷ്ടിച്ചു. അടിയന്തരാവസ്ഥ തടവുകാരുടെ സംഘടനാ ഭാരവാഹിയായിരുന്നു. തിരുമല വിജയമോഹിനി മിൽ സമരത്തിൽ നിരാഹാരമനുഷ്ഠിച്ചു. സിപിഐ എം തിരുമല ലോക്കൽ കമ്മിറ്റി അംഗമായിരുന്നു. കൊല്ലത്തേക്ക് താമസം മാറിയ ശേഷവും പാർടി പ്രവർത്തനത്തിൽ സജീവമായി. അടിയന്തരാവസ്ഥ തടവുകാരുടെ പെൻഷനായി സമരരംഗത്ത് സജീവമായി. കൊല്ലത്തെ സ്വകാര്യ ബാർ ഹോട്ടലിലെ മാനേജരായും പ്രവർത്തിച്ചു. ഭാര്യ: യശോദ. മകൻ: ജ്യോതിദേവ്. മരുമകൾ: പ്രീതി. സിപിഐ എം കൊല്ലം ജില്ലാ സെക്രട്ടറി എസ് സുദേവൻ വീട്ടിലെത്തി അന്ത്യോപചാരം അർപ്പിച്ചു.

ഭിന്നശേഷി സഹകരണ സംഘം കെട്ടിട ഉദ്ഘാടനം നാളെ

തിരുവനന്തപുരം

സംസ്ഥാന ഭിന്നശേഷി സഹകരണ സംഘത്തിന്റെ പുതിയ കെട്ടിടം ബുധനാഴ്ച മന്ത്രി വി എൻ വാസവൻ ഉദ്ഘാടനം ചെയ്യും. കണ്ണേറ്റുമുക്കിൽ ഉച്ചയ്ക്കുശേഷം രണ്ടിനാണ് ചടങ്ങ്. മന്ത്രി ആന്റണി രാജു അധ്യക്ഷനാകും. മന്ത്രിമാരായ ആർ ബിന്ദു കോർ ബാങ്കിങ് സംവിധാനവും വി ശിവൻകുട്ടി നിക്ഷേപസമാഹരണവും ഉദ്ഘാടനം ചെയ്യും. വി ജോയി എംഎൽഎ റിസ്ക് ഫണ്ട് പ്രവർത്തനം ഉദ്ഘാടനം ചെയ്യും.

സംസ്ഥാന ശിശുക്ഷേമ സമിതിയുടെ വേനൽ ക്യാമ്പ് കിളിക്കൂട്ടം മന്ത്രി വി ശിവൻ കുട്ടി ഉദ്ഘാടനം ചെയ്യുന്നു

കിളിക്കൂട്ടം അവധിക്കാല ക്യാമ്പിന് തുടക്കം

തിരുവനന്തപുരം

സംസ്ഥാന ശിശുക്ഷേമ സമിതി സംഘടിപ്പിക്കുന്ന അവധിക്കാല ക്യാമ്പ് കിളിക്കൂട്ടത്തിന് തുടക്കം. സമിതി ആസ്ഥാനത്ത് ആരംഭിച്ച ക്യാമ്പ് മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ എല്ലാ കുട്ടികളുടെയും ക്ഷേമം ഉറപ്പുവരുത്തുന്ന മാതൃകാപരമായ പ്രവർത്തനങ്ങളാണ് ശിശുക്ഷേമ സമിതി നടത്തുന്നതെന്ന് അദ്ദേഹം പറഞ്ഞു.

സമിതി വൈസ് പ്രസിഡന്റ് പി സുമേശൻ അധ്യക്ഷനായി. സാമൂഹ്യ പ്രവർത്തക ബ്രെയിലി വിത്തൗട്ട് ബോർഡേർസ്, ജർമൻ ടി ബറ്റോളജിസ്റ്റ് സാബ്രിയേ ടെൻ ബെർക്കെൻ എന്നിവർ മുഖ്യാതിഥിയായി. സമിതി ജനറൽ സെക്രട്ടറി ജി എൽ അരുൺ ഗോപി, നവകേരളം കർമപദ്ധതി കോ ഓർഡിനേറ്റർ ഡോ. ടി എൻ സീമ, ക്യാമ്പ് ഡയറക്ടർ എൻ എസ് വിനോദ്, ട്രഷറർ കെ ജയപാൽ, ജോയിന്റ് സെക്രട്ടറി മീര ദർശക് എന്നിവർ സംസാരിച്ചു. മെയ് 25 വരെയുള്ള ക്യാമ്പിൽ പ്രഗത്ഭർ കുട്ടികളുമായി സംവദിക്കും.

സുരേഷ് ബാബുവിനും ശാന്തയ്ക്കും തണലൊരുക്കി ഫൊക്കാന

തിരുവനന്തപുരം

ഇടിഞ്ഞുപൊളിഞ്ഞ് വീഴാറായ മേൽക്കൂരയും മഴനനഞ്ഞ് അടർന്നുവീഴാറായ ഭിത്തികളും ഇനി സുരേഷിനെയും ശാന്തയെയും ഭയപ്പെടുത്തില്ല. കരിയ്ലകത്തെ ഭിന്നശേഷിക്കാരനായ സുരേഷ് ബാബുവിന് അടച്ചുറപ്പുള്ള പുതിയ വീടായി. അമേരിക്കൻ മലയാളികളുടെ സാംസ്കാരിക സംഘടനയായ ഫൊക്കാനയാണ് സുരേഷ് ബാബുവിനും ശാന്തയ്ക്കും മനോഹരമായ വീടൊരുക്കിയത്. ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫനും സെക്രട്ടറി ഡോ. കലയും ചേർന്ന് വീടിന്റെ താക്കോൽ കൈമാറി. കടകംപള്ളി സുരേന്ദ്രൻ എംഎൽഎ പങ്കെടുത്തു.

കടകംപള്ളി സുരേന്ദ്രനാണ് ഇരുവരുടെയും കാര്യം ഡോ. ബാബു സ്റ്റീഫന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. തുടർന്ന് ഫൊക്കാനയുടെ ഭവന നിർമാണ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമിച്ച് നൽകി.

സുരേഷ് ബാബുവിനും ശാന്തയ്ക്കും ഫൊക്കാന നിർമിച്ച് നൽകിയ വീടിന്റെ താക്കോൽ ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫനും സെക്രട്ടറി ഡോ. കലയും ചേർന്ന് കൈമാറുന്നു. കടകംപള്ളി സുരേന്ദ്രൻ എംഎൽഎ സമീപം

■ വിദ്യാർഥിനിയുടെ മരണം

ജില്ലാ ക്രൈംബ്രാഞ്ച് അന്വേഷിക്കും

തിരുവനന്തപുരം

ഒമ്പതാം ക്ലാസ് വിദ്യാർഥിനിയുടെ മരണം സംബന്ധിച്ച അന്വേഷണം ജില്ലാ ക്രൈംബ്രാഞ്ചിന് വിട്ടു. കഴിഞ്ഞദിവസം മൃസിയം പൊലീസ് അസ്വാഭാവിക മരണത്തിന് കേസെടുത്തിരുന്നു. മരണകാരണം വ്യക്തമാകാത്ത സാഹചര്യത്തിലാണ് കേസ് ജില്ലാ ക്രൈംബ്രാഞ്ചിന് വിട്ടത്. മാർച്ച് 29ന് സ്കൂൾ പരീക്ഷ കഴിഞ്ഞ് എത്തിയ കുട്ടിയെ വൈകിട്ട് ആറരയോടെയാണ് വീട്ടിലെ മുറിയിൽ അബോധാവസ്ഥയിൽ കണ്ടത്. മൂക്കിൽനിന്ന് രക്തം വാർന്ന നിലയിലായിരുന്നു കുട്ടി. ജനറൽ ആശുപത്രിയിലും മെഡിക്കൽ കോളേജ് ആശുപത്രിയിലും പ്രവേശിപ്പിച്ചിരുന്നു. വെന്റിലേറ്ററിൽ കഴിയവെ ശനി വൈകിട്ടാണ് മരിച്ചത്. തലച്ചോറിൽ ഉണ്ടാകുന്ന അപൂർവ രോഗമാണ് മരണകാരണമെന്നാണ് ഡോക്ടർമാരുടെ പ്രാഥമിക നിഗമനം.

അവധിക്കാല കംപ്യൂട്ടർ ക്ലാസ്

തിരുവനന്തപുരം

ശാസ്ത്ര സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സ്കൂൾ, കോളേജ് വിദ്യാർഥികൾക്കായി നടത്തുന്ന അവധിക്കാല കംപ്യൂട്ടർ പരിശീലനത്തിന് അപേക്ഷിക്കാം. എംഎസ് ഓഫിസ്, ഡിടിപി, ഫോട്ടോഷോപ്പ്, കോറൽഡ്രോ, വേഡ് പ്രോസസിങ്, ഡാറ്റാ എൻട്രി, ഫണ്ടമെന്റൽസ് ഓഫ് കംപ്യൂട്ടർ എന്നിവയിലാണ് പരിശീലനം. ഫോൺ: 9037893148, 9567803710.

രക്തദാതാക്കളുടെ സന്നദ്ധഫോറം രൂപീകരിക്കും: കെജിഒഎ

തിരുവനന്തപുരം

കെജിഒഎ സൗത്ത് ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി നഗരത്തിൽ നടത്തിയ പ്രകടനം

'രക്തദാനം മഹാദാനം' എന്ന ആശയം ഏറ്റെടുത്ത് രക്തദാതാക്കളുടെ ഏരിയാതല സന്നദ്ധ ഫോറങ്ങൾ രൂപീകരിക്കാൻ കെജിഒഎ സൗത്ത് ജില്ലാസമ്മേളനം തീരുമാനിച്ചു. സൗത്ത് ജില്ലയിലെ 9 ഏരിയയിലും ജൂൺ 14ന് സന്നദ്ധ ഫോറങ്ങൾ രൂപീകരിക്കും.

തിങ്കളാഴ്ച സംസ്ഥാന സെക്രട്ടറിയറ്റ് അംഗം ഡോ. ഇ വി സുധീർ സംഘടനാ പ്രമേയം അവതരിപ്പിച്ചു. ജില്ലാ പ്രസിഡന്റ് എസ് എസ് ബിജി അധ്യക്ഷത വഹിച്ചു. സിഐടിയു സംസ്ഥാന സെക്രട്ടറി കെ എസ് സുനിൽകുമാർ, കെജിഒഎ സംസ്ഥാന പ്രസിഡന്റ് ഡോ. എം എ നാസർ, സംസ്ഥാന സെക്രട്ടറി എം ഷാജഹാൻ, സംസ്ഥാന സെക്രട്ടറിയറ്റ് അംഗം എം എൻ ശരത് ചന്ദ്രലാൽ എന്നിവർ സംസാരിച്ചു.

സമ്മേളനത്തിന് സമാപനംകുറിച്ച് വൈകിട്ട് എസ്എംവി സ്കൂളിൽനിന്ന് ഗാന്ധി പാർക്കിലേക്ക് പ്രകടനം നടത്തി. ഗാന്ധി പാർക്കിൽ പൊതുസമ്മേളനം ഡിവൈഎഫ്ഐ കേന്ദ്ര കമ്മിറ്റി അംഗം ജെയ്ക്ക് സി തോമസ് ഉദ്ഘാടനം ചെയ്തു. സ്വാഗതസംഘം ചെയർമാൻ എസ് ജയിൽ കുമാർ, ജില്ലാ ജോയിന്റ് സെക്രട്ടറി എസ് വി ശിശിർ എന്നിവർ സംസാരിച്ചു.